

# ഗവ: ഹൈസ്കൂൾ
# ജവഹർകോളനി

# എവർഗ്രീൻ

ഡിജിറ്റൽ മാഗസിൻ

**LITTLE KITES 2019 - 2020**


ഗവ: ഹൈസ്കൂൾ ജവഹർകോളനി
e-mail : jawaharcolonyups@gmail.com
Blog : ghsjawaharcolony.blogspot.com
Website : jawaourschool.yolasite.com
GHS Jawahar colony,
Ex-colony P.O , Palode
little KITEs
ph 0472-2876-825

# പ്രണാമം



ലോകമേ തറവാടു തനിക്കീ ,ച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻകുടുംബക്കാർ
ത്യാഗമെന്നതേ നേട്ടം താഴ്മതാനഭ്യുന്നതി
യോഗവിത്തേവം ജയിക്കുന്നിതെൻ ഗുരുനാഥൻ

*നിങ്ങൾ മനുഷ്യനായതു കൊണ്ട് മാത്രം*

വലിയവനാകുന്നില്ല .മനുഷ്യത്വമുള്ളവനാകുമ്പോഴാണ്

*വലിയവനാകുന്നത്*

*-ഗാന്ധിജി*

ഇത് ആസുരതയുടെ കാലം

നീർക്കുമിളകൾ പോലെ സ്നേഹബന്ധങ്ങൾ.........

ബാല്യത്തിന്റെ നിഷ്ക്കളങ്കത പോലും

വേട്ടയാടപ്പെടുന്നു.

കെട്ട കാലത്തിന്റെ ഇന്നിലേയ്ക്ക്

ഹരിതാഭയുടെ, പച്ചപ്പിന്റെ, സ്നേഹത്തിന്റെ

മന്ത്രാക്ഷരങ്ങൾ.

പുതിയ കാലത്തിന്റെ

പുതിയ ശബ്ദങ്ങൾക്കായി

കാതോർത്തുക്കൊണ്ട്..........

പച്ചപ്പിന്റെ സൗന്ദര്യതലങ്ങളിലേക്ക്

ഒരു യാത്ര.

എവിടെയും പുതിയ ഉണർവിന്റെ

പുത്തൻ ആശയങ്ങളുടെ ഹരിതച്ചെപ്പ്

പ്ലാസ്റ്റിക്കിനെ ഉപേക്ഷിച്ച്

ഹരിത ഭംഗിയുടെ സുവർണ്ണ കാന്തി

കോരിക്കുടിച്ച് പുത്തൻ കേരള

ത്തിന്റെ പുത്തൻ പ്രതീക്ഷകളിലേക്ക്

ഒരു എത്തിനോട്ടം..........

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ഹെഡ്മാസ്റ്റർ, ആർ. ഗോപകുമാർ

സ്റ്റാഫ് എഡിറ്റർ : ശ്രീജ. എൽ, ഷീജ. എൽ. എസ്

സ്റ്റുഡന്റ് എഡിറ്റർ : ഫാത്തിമാ ബയാൻ

## അസോസിയേറ്റ് എഡിറ്റർമാർ

അഭിഷേക്. ആർ

അൽ അമീൻ എസ്

ലക്ഷ്മി. ആർ. എസ്. നായർ

നവമി. എം. ആർ

ഫാത്തിമ. ആർ

ശരത്

ഷഹുബാൻ മുനീർ

മാഗസിൻ കമ്മറ്റി കൺവീനർ : അഭിഷേക്. ആർ

പ്രസിദ്ധീകരിക്കുന്നത്, ലിറ്റിൽ കൈറ്റ്സിനുവേണ്ടി : ചീഫ് എഡിറ്റർ,
ഗവ: ഹൈസ്കൂൾ. ജവഹർകോളനി

കവർ ഡിസൈനിംഗ് - ആശയം : ലിറ്റിൽ കൈറ്റ്സ്



# ഹെഡ്മാസ്റ്റർ




## ആർ. ഗോപകുമാർ

കൈറ്റ് മിസ്ട്രസ്



ശ്രീജ.എൽ

കൈറ്റ് മിസ്ട്രസ്



ഷീജ.എൽ.എസ്

# OUR LITTLEKITES 2019-2020



# ഉള്ളടക്കം


| കൃതി | വിഭാഗം | പേജ് |
|---|---|---|
| മോഹം | കവിത | 27 |
| ചന്ദ്രയാൻ-2 | ലേഖനം | 24 |
| ഐസ്ക്രീം | കവിത | 11 |
| കമ്പ്യൂട്ടർ | ലേഖനം | 18 |
| പ്രളയം | കവിത | 23 |
| എന്റെ ഓർമ്മജാലകം | അനുഭവം | 10 |
| അകൽച്ചകൾ | കഥ | 48 |
| ഒരു മോഹം | കവിത | 9 |
| പേടി | കഥ | 20 |
| പുഴ | അനുഭവം | 36 |
| കാർമുകിൽ | ലേഖനം | 26 |
| എന്റെ മഴക്കാലനുഭവം | ഓർമ്മ | 33 |
| പിരിയില്ല ഒരിക്കലും | കവിത | 15 |
| നവകേരളം | ലേഖനം | 12 |
| സ്മൈൽ ഈസ് ദ വേ റ്റു സോൽവ് മെനി പ്രോബ്ലംസ് | ആർട്ടിക്കിൾ | 42 |
| പുസ്തക വണ്ടി | ലേഖനം | 32 |
| ജീവിതയാത്ര | കവിത | 37 |
| അതിജീവനത്തിന്റെ മാതൃകയായി ചേക്കുട്ടിപ്പാവകൾ | ലേഖനം | 19 |
| ലൈഫ് | കവിത | 34 |
| അതിജീവനത്തിന്റെ നേർകാഴ്ച്ചകൾ | ലേഖനം | 40 |
| വിശപ്പ് | കഥ | 38 |
| ലൗലി മാജിക് ഓഫ് ഗോഡ് | കവിത | 25 |

# ഒരു മോഹം

ഒരു നാളെനിക്കൊരു മോഹം
ആകാശത്തിൽ പാറിപ്പറക്കാൻ മോഹം
തീയാൽ ജ്വലിക്കുന്നിതെൻ ഹൃദയത്തിൽ
ഒരു മാരിപോൽ പെയ്യുന്ന മനസ്സിൽ.

ഹൃദയത്തിലാഴത്തിൽ കുത്തിനോവിച്ച
ആഴത്തിലുള്ളൊരു മോഹം
എൻ മനസ്സിൽ കിടന്നെരിയുന്ന
തീരാദുഃഖമീ മോഹം
ഒരു സുപ്രഭാതത്തിലെൻ
മോഹം വിരിയുമാർ
ഞാൻ ഒരു യന്ത്ര വിമാനത്തിൽ
കേറി പറന്നങ്ങു പോകുമെന്ന്.




മുർഷിദ് മുഹമ്മദ്
8C

അന്നതാ എന്റെ യാത്ര മുടക്കി
വിമാനത്താവളമടച്ചു പൂട്ടി
എൻ മോഹവും പാടെ ഒലിച്ചുപോയി.
എന്റെ വനിൽ
പറക്കണമെന്ന മോഹം
തീയിൽ എരിഞ്ഞങ്ങു പോയി
എൻ മനസ്സിനെ അലട്ടിയതിനും
ഒരു തരാ ദുഃഖമായ് നിൽപ്പൂ

# എന്റെ ഓർമ്മജാലകം

എന്റെ കുട്ടിക്കാലത്ത് ധാരാളം കുസൃതി നിറഞ്ഞതും സന്തോഷമുള്ളതും വിഷമമുള്ളതുമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷെ അതൊന്നും എനിക്ക് ഓർമയില്ല. എന്നാൽ ഉമ്മ കുറെ കാര്യങ്ങൾ പറഞ്ഞുതന്നിട്ടുണ്ട്. അതിൽ ഒരെണ്ണം ഞാൻ പറയാം. ഈ സംഭവത്തിൽ ഒരു പാളിച്ച പറ്റിയിരുന്നെങ്കിൽ ഞാൻ ഇപ്പോൾ ഈ ലോകത്ത് ഉണ്ടാകില്ലായിരുന്നു. എന്താണ് സംഭവമെന്നാൽ എനിക്ക് ഒരു ഒന്നര വയസ്സുള്ള സമയം.ഞങ്ങളുടെ വീട് റോഡ്സൈഡിലാണ്. മതിലൊന്നും അന്ന് ഉണ്ടായിരുന്നില്ല.ഞാൻ ഭയങ്കര മഹാമനസ്സുംകുറുമ്പിയുമായിരുന്നു മൃഗങ്ങളെയും പക്ഷികളെയും ഒരുപാട് ഇഷ്ടമായിരിന്നു. അങ്ങനെ ഒരു ദിവസം ഞാൻ വീടിന് മുൻവശത്ത്ഒറ്റയ്ക്ക്ഇരുന്ന് ഓറഞ്ച് കഴിക്കുകയായിരുന്നു. ആ സമയം എന്റെ ഉമ്മച്ചിയും കുഞ്ഞായും വീടിന് പിൻവശത്ത് ഇരിക്കുകയായിരുന്നു.ഞാൻ ഓറഞ്ച് കഴിച്ചുകൊണ്ടിരിക്കെ എന്റെ അടുത്ത് ഒരു കാക്ക വന്നിരുന്നു. ഞാൻ ഒരു ഓറഞ്ച് അതിന് നേരെ നീട്ടിയതും ,ആ കാക്ക പറന്ന് റോഡിന് അപ്പുറത്തേക്ക് പോയിരുന്നു . ഞാൻ ആ കാക്കയ്ക്ക് ഓറഞ്ച് കൊടുക്കാനായി റോഡ് ക്രോസ് ചെയ്ത് അപ്പുറത്ത് പോയി, കാക്ക ഇരുന്ന സ്ഥലത്ത് ഒരു ഓറഞ്ച് വെച്ചിട്ട് തിരിച്ച് റോഡ് മുറിച്ച് കടന്ന് പകുതിയെത്തിയപ്പോൾ, ഒരു കാർ എന്റെ തൊട്ടടുത്ത് വെച്ച് ബ്രേക്ക് പിടിച്ചു. ശബ്ദം കേട്ട് ഉമ്മച്ചിയൊക്കെ ഓടി വന്നപ്പോൾ ഞാൻ റോഡിന് നടുക്കും, കാർ എന്റെ തൊട്ടടുത്തും. അപ്പോൾ ആ കാറിലുണ്ടായിരുന്ന മാമന്മാർ പറഞ്ഞു. “മോള് റോഡ് മുറിച്ച് കടക്കുന്നത് ഞങ്ങൾ കണ്ടിരുന്നു. അതുകൊണ്ട് സ്പീഡ് കുറച്ചാണ് വന്നത്. അല്ലായിരുന്നെങ്കിൽ ആക്സിഡന്റ് ആയേനേ.”എന്ന്. ശേഷം അവർ പോയി. ഞാൻ ഒന്നും അറിയാത്തതുപോലെ മിണ്ടാതെ നിന്നു. അപ്പോൾ ഉമ്മ ചോദിച്ചു “ നീ എന്തിനാണ്റോഡ്മുറിച്ച്കടന്നത്””

എന്ന്. ഞാൻ പറഞ്ഞു. “ഉമ്മ……അത് ഞാൻ കാക്കയ്ക്ക് ഓറഞ്ച് കൊടുക്കാൻ പോയതാണ്.” എന്ന്. ഉമ്മ അതൊക്കെ കേട്ട്ഒരുപാട്ചിരിച്ചു. പിന്നീടൊരിക്കലും എന്നെ ഒറ്റയ്ക്ക് ഇരുത്തിയിട്ടില്ല.



അലീന ഉല്ലാസ്

8c

# ICE CREAM



*I went to the store,*
*50 Cents to galore,*
*Everything I want to eat,*
*Cheesecakes, brownies,*
*puddings and ice creams.*
*Expensive they were, though,*
*And 50 cents couldn't buy me a trough,*
*My mind became hollow,*
*Filled with sorrow,*
*I didn't lose hope,*
*I went to the pope,*
*And asked- "Can I scream,*
*for Ice cream?!!*

***Aravind.S.Bhaskar***
***8B***

# നവകേരളം

'നവകേരളത്തിലൂടെ' ഉദ്ദേശിക്കുന്നത് പുതിയ ഒരു കേരളത്തെ പണിതുയർത്തലാണ്. സംസ്ഥാനം അതിഭീകരവും അതേസമയം മനുഷ്യനിലെ സാഹോദര്യവും സൗഹാർദവും ഉണർവ് ലഭിക്കുകയും ചെയ്ത ഒരു ഭീകരത്വം നിറഞ്ഞ ദുരന്തമാണ് കടന്നുപോയത്. സംസ്ഥാനത്ത് ഒട്ടാകെപ്പേർക്ക് അവരുടെ ഭവനവും വേണ്ടപ്പെട്ടതും കൈവിട്ടു പോയി. സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിനായി ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ദുരിതമനുഭവിക്കുന്നവർക്ക് സമാശ്വാസം നൽകുവാനുമുള്ള ക്ഷേമനടപടികളുൾക്കൊള്ളുന്ന ദ്വിമുഖ പദ്ധതിയുമാണ് 'നവകേരളം' എന്നതിലൂടെ ആവിഷ്കരിച്ചിരിക്കുന്നത്. നമ്മുടെ സമൂഹത്തിൽ ദുരന്തമനുഭവിക്കുന്നവർക്ക് ഒരു കൈത്താങ്ങിലൂടെ സഹായിക്കണം എന്നതും ഇതിന്റെ മറ്റൊരു മുഖമുദ്രയാണ്.

വികസനപ്രക്രിയയിൽ നിന്ന് അവഗണിക്കപ്പെട്ട അല്ലെങ്കിൽ അതിന്റെ ഗുണങ്ങൾ മുഴുവനും പ്രയോജനപ്പെടുത്താൻ കഴിയാത്ത ഒരു വിഭാഗത്തിന്റെ ജീവിതനിലവാരം വർദ്ധിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശം. നമ്മുടെ സമൂഹത്തിലെ ന്യൂനപക്ഷ വിഭാഗത്തിലുള്ളവരുടെ ജീവിതനിലവാരം വിവിധ പദ്ധതികലിലൂടെയാണ് ആവിഷ്കരിക്കുന്നത്. നമ്മുടെ പ്രകൃതിയുടെ സംരക്ഷണവും കരുതലുമെല്ലാം നാം മുൻകൂട്ടി എടുക്കേണ്ടതാണ്. പ്രകൃതിയെ നശിപ്പിക്കുന്നതിലൂടെ നാം നമ്മെ തന്നെയാണ് നശിപ്പിക്കുന്നത്. അതിനുദാഹരണമാണ് ഓഖിയും മറ്റും. ഈ കൊടുങ്കാറ്റ് തല്ലിതകർത്തത് ആയിരങ്ങളുടെ ജീവിതവും അതെസമയം അവരുടെ സ്വപ്നവുമാണ്.

'നവകേരളത്തിലൂടെ' ഉദ്ദേശിക്കുന്നത് പ്രധാനമായും നാല് പദ്ധതികളാണ്. നമ്മുടെ പരിസ്ഥിതിയുടെ സംരക്ഷണവും ശുചിത്വവും കാർഷിക മേഖലയുടെ അഭിവൃദ്ധിക്കും, കാർഷിക മേഖലയുടെ സ്വയം പര്യാപ്തത നേടുവാൻ വേണ്ടി തയ്യാറാക്കിയതാണ് 'ഹരിതകേരളം'. വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തുനം പാഠ്യപദ്ധതി കാലാശക്തമായി പ്രസ്സിദ്ധീകരിക്കുവാനും അതിലൂടെ പൊതുവിദ്യാഭ്യാസത്തെ ശക്തികരിക്കുന്നതുമാണ് 'സമഗ്രവിദ്യാഭ്യാസം നവീകരണ പദ്ധതി'യിലൂടെ ആവിഷ്കരിക്കുന്നത്.

ഓഖി തല്ലി തകർത്തത് അനേകം ആളുകളുടെ ഭവനങ്ങളാണ്. ഭവനരഹിതർക്ക് വീടും ഉപജീവനം നൈപുണ്യമാക്കുന്നതാണ് 'ലൈഫ്' പദ്ധതിയിലൂടെ ആവിഷ്കരിക്കുന്നത്.സർക്കാർ ആശുപത്രികൾ രോഗിസൗഹാർദപരമാകുന്നതിനും അതിലൂടെ അതിന്റെ അടിസ്ഥാന വികസനവുമാണ് 'ആർദ്രം' ഇതിലൂടെ ഉദ്ദേശിക്കുന്നത്. നമ്മുടെ പ്രകൃതിയെ വിശ്വമനോഹരിയാക്കുന്നതിനും അതിന്റെ പോയ പച്ചപ്പിനെ തിരികെ കൊണ്ടുവരാനുമാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. ശുചിത്വം ,മാലിന്യസംസ്കരണം , കാർഷിക മേഖലയുടെ അഭിവൃദ്ധി , ജലസ്രോദസുകളുടെ സംരക്ഷണം ഇവയ്ക്ക് ഊന്നൽ നൽകിയിട്ടുള്ള പദ്ധതികളാണ് 'ഹരിതകേരള'മിഷനിലൂടെ ഉദ്ദേശിക്കുന്നത്. നിലവിലുള്ള ജലസ്രോതസുകളെ സംരക്ഷിക്കുന്നതിനും നവീകരിക്കുവാനുമുള്ള പദ്ധതികളാണ് ആദ്യഘട്ടത്തിലൂടെ ആവിഷ്കരിക്കുന്നത്. നദികളുടെയും കായലുകളുടെയും ശുചിത്വം നിലനിർത്തുകയും ചെയ്യും. ഇതിനായ് യുവജനസംഘടനകൾ, വിദ്യാർത്ഥികൾ, പൊതുജന സമൂഹം എന്നിവ കൈകോർക്കും. ബയോഗ്യാസ് ഉപയോഗം, അജൈവ

മാലിന്യ സംസ്കരണം, ജൈവമാലിന്യം എങ്ങനെ കൃഷിക്ക് മുതൽക്കൂട്ടായി ഉപയോഗിക്കാം തുടങ്ങിയതെല്ലാം ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ട്. നമ്മുടെ സമൂഹത്തിൽ പിന്നോക്കാവസ്ഥയിലുല്ളവർക്ക് സ്വയം പര്യാപ്തത നേടുവാനും അവർക്ക് സ്വയം ശാക്തീകരിക്കാനുമുള്ള പുതിയ അവസരങ്ങൾ ഈ പദ്ധതി ആവിഷ്കരിക്കുന്നതാണ്.

വിദ്യാലയങ്ങൾ ഹൈടെക്ക് ആകുന്നതും നവകേരളത്തിന്റെ ഭാഗമായാണ്. സമഗ്ര പോർട്ടലും പാഠപുസ്തകത്തിലെ QR CODE- ഉം ഇതിന്റെ ഭാഗമായാണ്. വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും പാഠപദ്ധതി നവീകരിക്കുന്നതുറുറം മറ്റമാണ് 'സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി'.

ഭവനം നഷ്ടമായവർ നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇതിനു പരിഹാരം നൽകുന്നതാണ് "ലൈഫ്" എന്ന പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഘട്ടം ഘട്ടമായി ഭവനരഹിതർക്ക് പണം നൽകുകയും അവരുടെ ഭവനമെന്ന സ്വപ്നത്തിന് കൂടുതൽ കരുത്ത് ആർജ്ജിക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന വികസനത്തിനും ആശുപത്രികൾ രോഗികൾക്ക് സൗഹാർദ്ദപ്പരമാകുന്നതിനും സഹായിക്കുന്ന മറ്റൊരു പദ്ധതിയാണ് 'ആർദ്രം'.

ആരോഗ്യമികവിലും സമ്പൽസമൃദ്ധിയിലും അഭിമാനിച്ചിരുന്ന കേരളം നശിക്കുന്നത് പ്രകൃതി നശീകരണത്തിലൂടെയാണ്. പ്ലാസ്റ്റിക്ക് എന്ന വാക്ക് പോയിട്ടും അവയെ പൂർണ്ണമായും നിരോധിച്ചത് 2020 ജനുവരി ഒന്നുമുതലാണ്. നമ്മുടെ കേരളത്തെ പ്ലാസ്റ്റിക്കിൽ നിന്നും മറ്റു മാലിന്യങ്ങളിൽ നിന്നും സംരക്ഷിക്കേണ്ട ചുമതല നമ്മുടേതാണ്. ആരോഗ്യമായ കേരളത്തേയാണ് പുത്തൻ തലമുറ പ്രതീക്ഷിക്കുന്നത്. ഇനിയുള്ള തലമുറ നമ്മുടേതാണ്. അതിനെ നമ്മൾ തീർച്ചയായും സംരക്ഷിക്കണം. ആരോഗ്യമായ തലമുറ ആരോഗ്യമായ കേരളത്തെ കൊണ്ടുവരും. അതിന്റെ പൊലിമകെടാതെ സൂക്ഷിക്കേണ്ടത് നമ്മളാണ്...



ആമിന. ബി

9B

# പിരിയില്ല ഒരിക്കലും

വേർപിരിയാനിനിയെത്രനാൾ
ഓർക്കാനൊരുപിടി ഓർമ്മകളും
എവിടെ നിന്നോ വന്നൊത്തുചേരുന്നു
ഒടുവിൽ എവിടേയ്ക്കോ പോവുകയായി.

ഞാനറിയുന്നുവിന്നെൻ മനസ്സിൽ കൂടികൊള്ളുന്നു
പഞ്ചവിഗ്രഹത്തിൻ ചൈതന്യങ്ങൾ
അതു വെളിച്ചമായ് ഇരുട്ടിൽ വഴി കാട്ടിടുന്നു
മറക്കില്ല ഞാനീ വെളിച്ചം കാട്ടിടുനവരെ !
അഞ്ചുമനസ്സുകൾ ഏകഹൃദയമായ്
എന്നെന്നും ഒരുകുടക്കീഴിൽ
ചേക്കേറാൻ കൊതിയോടെ നിൽപ്പൂ
ഒരേ മനസ്സുള്ള അഞ്ചു നക്ഷത്രങ്ങൾപ്പോൽ
ഒരു കളിത്തോണിയിൽ ഒരുമിച്ചു നിന്നവർ
ഒരു കൈ തളരുമ്പോൾ ഒരുമിച്ചു നിന്നവർ
ഒരു മയിൽപ്പീലിപോൽ ഒരുമിച്ചു ചേരുമ്പോൾ
അഴകായ് നിറയും ഈ സൗഹൃദം.
സ്നേഹിച്ചിരുന്നു ഞാൻ ആ അഞ്ചുതാരങ്ങളെ
അനന്തമാം ആകാശവീഥി പോലെ
ജീവിച്ചു തീർക്കുവാൻ കാലം മതിയല്ല.
അഞ്ചു താരങ്ങളെ സ്നേഹിക്കുവാനും



ഗായത്രി. എം. ആർ
10B

എങ്കിലും കുട്ടരെ മൗനമായി ചൊല്ലുന്നു

മറക്കില്ലൊരിക്കലും ഈ അഞ്ചുതാരത്തെ

ഇന്നു നാം പിരിയുവാൻ നിമിഷങ്ങൾ മാത്രമായ്

നേരുന്നു മംഗളം എൻ പ്രിയ സോദരെ. . . .

സ്നേഹിക്കുവാനും സ്നേഹിക്കപ്പെടാനും

സ്നേഹത്തിന്റെ വിലയറിയുവാനും

ഞാൻ പഠിച്ചത് എൻ അഞ്ചുകിരണങ്ങളിലൂടെ

പ്രണയിച്ചിട്ടുന്നു ഞാൻ ആ അഞ്ചു നക്ഷത്രങ്ങളെ

ഒരേ ശോഭയോടെ ഒന്നിച്ച് പ്രകാശിക്കുമ്പോൾ

ചിലർ കല്ലെറിയുവാൻ,തകർക്കുവാൻ ശ്രമിക്കുന്നു പക്ഷെ

ഒരു നിശബ്ദ പ്രാർത്ഥന മാത്രം!

കാലം ഞങ്ങൾക്കായി സമ്മാനിച്ച

ആ ദിനങ്ങൾ ഇനി ഓർമ്മ മാത്രം

ഗ്രീഷ്മത്തിൽ ചൂടിൽ പിടയുന്നു എൻ മനം

അഞ്ചു വീഥികളെ ഓർത്തിടുമ്പോൾ

അഞ്ചഞ്ചു വീഥിയിൽ നിന്നു വന്നു നാം

ഏക ഹൃദയമായി ശോഭിച്ചു ഈ മണ്ണിൽ

ദിവസങ്ങൾ മാത്രം നിമിഷങ്ങൾ മാത്രമെന്നോർത്തിടുമ്പോൾ

ഇന്നെൻ മനം സങ്കടത്തിൻ കടലിൽ മുങ്ങി താഴുന്നു

എൻ മനമേ...നീ അറിഞ്ഞിടുക

നീ നിന്നക്കാളേറെ സ്നേഹിച്ചീടുന്നു പ്രണയിച്ചീടുന്നു

ആ അഞ്ചുനക്ഷത്രങ്ങളെയും അവർ സമ്മാനിച്ച ഓർമ്മകളേയും

ജീവിക്കും ഞാൻ ഒരു നിഴൽ പോലെ അവരുടെകൂടെ.

ഒരു പക്ഷേ അറിയില്ലായിരിക്കും അവർക്ക്

പിരിയുന്നതിൻ വേദന

കാരണം പിരിഞ്ഞിട്ടില്ല ഒരിക്കലും പിരിയില്ല ഒരിക്കലും

അഞ്ചു നക്ഷത്രങ്ങളെയും അവരുടെ ഓർമ്മകളെയും

എനിക്കു നൽകിയ ദൈവമേ . . . നിനക്കു നന്ദി!!

## COMPUTER

Computer is an electronic device that is designed to work with information. The term "computer" is derived from the Latin term "compute" this mean to calculate programmable machine. Computer cannot do anything without a program. It represents the decimal form numbers through a string of binary digits. The word "computer" usually refers centre processor unit plus internal memory.

Charles Babbage is called the "grandfather" of the computer designed by Charles Babbage called the analytical engine. It used read only memory in the form of punch card.

Computer is an advanced electronic device that take raw data as input from the user and processes this data under the control of set of instructions [called program] and gives the result [output] and saves output for the future use. It can process both numerical and non- numerical calculations.

A computer is a machine that can be instructed to carry out sequences of arithmetic or logical operations automatically the computer programming. Modern computers have the

ability to follow generalized sets of operations called program.

Computer hardware refers to the physical part or component of a computer such as the monitor, mouse, keyboard, computer data storage, hard drive disk[HDD]

system unit etc. All of the which physical objects that can be to computer.



# മാതൃകയായി ചേക്കുട്ടിപ്പാവകൾ

2018- ആഗസ്റ്റിൽ ഉണ്ടായ പ്രളയദുരന്തത്തിന്റെ ഒരു അതിജീവന മാതൃകയായിരുന്നു ചേക്കുട്ടിപ്പാവകൾ. പ്രളയത്തിൽ തകർന്നടിഞ്ഞ ചേന്ദമംഗലത്തുകാരുടെ സ്വപ്നങ്ങൾ ചേക്കുട്ടിയിലൂടെ ഇതൾ വിരിയുകയായിരുന്നു. ചെളികയറി നശിച്ച തുണിതരങ്ങളിൽ നിന്ന് ഒരുലക്ഷത്തി ഇരുപതിനായിരത്തിൽ അധികം പാവകളെ അവർ നിർമ്മിച്ചു. അങ്ങനെ പല രാജ്യങ്ങളിലേക്ക് അവ കയറ്റി അയച്ച് ലക്ഷങ്ങളുടെ വരുമാനമുണ്ടാക്കി കുട്ടികൾക്കും മറ്റും ചേക്കുട്ടി പെട്ടന്ന് പ്രിയങ്കരമായി മാറി. അതിജീവനത്തിന്റെ സർഗ്ഗാത്മകരമായ ഒരു ഏടായി ചേക്കുട്ടി മാറി. ചേക്കുട്ടി വെറുമൊരു പാവയല്ല. മനുഷ്യത്വത്തിന്റെ ഉയർന്ന രൂപമാണ് പ്രളയത്തിന്റെ അതിജീവന മന്ത്രങ്ങളിൽ ചേക്കുട്ടിയും തലയുയർത്തി നിൽക്കുന്നു.



അജ്ന. എൻ 8B

# പേടി

“ അയ്യോ! എന്നെ ആന കുത്താൻ വരുന്നെ! രക്ഷിക്കണെ!” എന്ന് വിളിച്ച്കൊണ്ട് ഉണ്ണി ഓടി ഒരു മരത്തിന്റെ ചുവട്ടിൽ ഒളിച്ചിരുന്നു. അൽപസമയം കഴിഞ്ഞ് തിരിഞ്ഞ് നോക്കിയപ്പോൾ ആനയെ കാണാനില്ല. ഉണ്ണി പതുക്കെ എഴുന്നെറ്റ ശേഷം ഒന്നുകൂടെ തിരിഞ്ഞു നോക്കി. ഒരാന അതാ മുന്നിൽ നിൽക്കുന്നു. ഉണ്ണി പേടിച്ച് അവിടെ സ്തംഭിച്ച് നിന്നുപോയി. ആന കുത്താൻ വേണ്ടി ഓങ്ങിയതും "അയ്യോ!" എന്ന് വിളിച്ച് ഞെട്ടലോടെ ഉണ്ണി ഉറക്കത്തിൽ നിന്ന് ഉണർന്നു ചുറ്റും നോക്കി ആനയെ കാണാനില്ല. അപ്പോഴാണ് ഉണ്ണിക്ക് മനസ്സിലായത് അത് സ്വപ്നമായിരുന്നു എന്ന്. ഒരു ദീർഘനിശ്വാസത്തോടെ ഉണ്ണി അവന്റെ കൊച്ചു ടൈംപീസിലേക്ക് കണ്ണോടിച്ചു. അപ്പോൾ കൃത്യം സമയം ഒന്നര. ഉണ്ണിക്ക് പിന്നെ ഉറക്കം വന്നില്ല. അവൻ അവന്റെ മുറിയിലെ ജനാലകൾ തുറന്ന് മാനത്ത് നോക്കി ചിന്താവിഷ്ടനായിരുന്നു. പെട്ടന്ന് അവന് മുള്ളാൻ മുട്ടി. രാത്രി വെളിയിലിറങ്ങാൻ അവന് പേടിയായിരുന്നു. പക്ഷെ അവന്റെ പേടിയെ അസ്ഥിരപെടുത്തികൊണ്ട് പാല് കോരിച്ചൊരിഞ്ഞപോലെയുള്ള നിലാവ് അവന് ഒരു താങ്ങായി. അവന്റെ മനസ്സിൽ ഒരു അത്മവിശ്വാസം ഉയർന്നുെഴുന്നേറ്റു. ഉണ്ണി നല്ലൊരു കാലാകാരനായിരുന്നു. ആ രാത്രി മുഴുവൻ ഉണ്ണി അവന്റെ മനസ്സിൽ സൃഷ്ടിക്കപെട്ട നിലാവിനേയും, ചന്ദ്രനേയും, രാത്രിയേയും ചിത്രരൂപത്തിൽ അവന്റെ കലാപുസ്തകത്തിൽ ആവിഷ്കരിക്കാൻ ശ്രമിച്ചു. പിറ്റേന്ന് രാവിലെയായിട്ടും അവനത് പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഉണ്ണിയുടെ അമ്മയുടെ പേര് രാധാമണി എന്നായിരുന്നു. രാധാമണിയമ്മ രാവിലെ ഉറക്കം എഴുന്നേറ്റ് വന്നപ്പോൾ ഒരു കാഴ്ച കണ്ട് അത്ഭുതപ്പെട്ടു പോയി. എന്നും ഉണ്ണി ഉറക്കം എഴുന്നേൽക്കുന്നത് ഒമ്പത് മണിക്കാണ്. എന്നാൽ ആ ദിവസം അതിരാവിലെ തന്നെ ഉണ്ണി ഉറക്കത്തോട് വിടപറഞ്ഞിരുന്നു. ഉണ്ണി ഇതുവരേയും ഉറക്കത്തെ വെറുത്തിട്ടില്ല. ഒരിക്കലും ഉറക്കമൊഴിഞ്ഞിട്ടില്ല. “എന്താ ഉണ്ണി അതിരാവിലെ? ഇന്ന് കാക്ക മലന്ന് പറക്വോ?”അമ്മ ചോദിച്ചു. ഈ ചോദ്യത്തിന് ഉണ്ണി വളരെ ഭയത്തോടെയാണ് അവൻ കണ്ട സ്വപ്നത്തെക്കുറിച്ച് വിളമ്പിയത്. പക്ഷെ രാധാമണിയമ്മ അത് വളരെ രസകരമായാണ് ഉൾകൊണ്ടത്. അങ്ങനെ സമയം പോയതറിഞ്ഞില്ല. “ഉണ്ണീ സമയമായ്, വേഗം റെഡിയാവണം. താമസിയാതെ സ്കൂളിൽ ബെല്ലടിക്കും.” എത്ര നേരത്തെ തന്നെ എഴുന്നേറ്റിട്ടും അമ്മയുടെ സ്ഥിരം വായ്മൊഴികൾ അവൻ കേൾക്കാൻ ഇടയായ്.

സ്കൂളിൽ ക്ലാസ് തുടങ്ങി പകുതിയായിട്ടും മൂകനായ് കാണപ്പെട്ട ഉണ്ണിയുടെ അടുത്തേക്ക് കാര്യം അറിയാൻ വേണ്ടി അവന്റെ സഹപാഠികൾ ഒരുമിച്ചുകൂടി. അവിടെ അവന്റെ സ്വപ്നം പങ്കുവച്ചു. “ഇത്രയേ ഉള്ളോ കാര്യം,അതിനാണോ നീ എന്തോ കളഞ്ഞുപോയ അണ്ണാനെ പോലിരിക്കുന്നത്?” അവന്റെ ഒരു കൂട്ടുകാരൻ ചോദിച്ചു.

വൈകുന്നേരമായി, സ്കൂൾ വിട്ടു, ഉണ്ണി വീട്ടിലെത്തി. അവന്റെ മൂകത ഇതുവരെക്കും മാറിയിട്ടില്ല. അവൻ ഒരു പുസ്തകം എടുത്ത് വായിച്ചുകൊണ്ടിരിക്കെ അവൻ ഉറങ്ങിപ്പോയി. ആ രാത്രിയും അവന് പാതിയുറക്കം പോലും കിട്ടിയില്ല. ആ ദിവസവും അവൻ അതേ സ്വപ്നം തന്നെ കണ്ടു. പിന്നെയും

പല ദിവസം അവൻ അതേ സ്വപ്നം തന്നെ കണ്ടു, ഞെട്ടിയുണർന്നു. അവന് എന്തോ അസ്വഭാവികത അനുഭവപ്പെട്ടു. അവൻ ഇത് പലരോടും പറഞ്ഞു. എല്ലാവരും അവനെ ആശ്വാസിപ്പിച്ചു. പക്ഷെ അവന് ഒട്ടും സമാധാനം വന്നില്ല. അങ്ങനെയിരിക്കെ ഒരു ദിവസം സ്കൂളിൽ പരീക്ഷ ടൈംടേബിൾ കൊടുത്തു. പരീക്ഷ രണ്ടാം തിയതി തുടങ്ങും. ഇന്ന് തിയതി ഇരുപത്തി നാല്, അവന് പേടിയായി. ഇനി ഒരാഴ്ച്ച കൂടി മാത്രമെയുള്ളു പരീക്ഷയ്ക്ക്. കൃത്യം മുപ്പതാം തിയതി ഉണ്ണിയുടെ ആഗ്രഹം പോലെ അവന് പനി വന്നു.

എന്നാൽ ഈ ഒരാഴ്ച്ചയും അവന്റെ സ്വപ്നം അവൻ കാണാതിരുന്നില്ല. അവൻ പരീക്ഷയുടെ കാര്യം വീട്ടിൽ പറയാത്തതുകൊണ്ട് രാധാമണിയ്ക്ക് അവന്റെ പനിയുടെ കാരണം പരീക്ഷാ പേടിയാണെന്ന് മനസ്സിലായില്ല. നാലാം തിയതി അവന്റെ പനിമാറി. പരീക്ഷ ഇനി രണ്ടു ദിവസം കൂടെയുണ്ട്. അവൻ ആ രണ്ട് ദിവസവും ക്ഷീണവും തളർച്ചയും നടിച്ച് പല അടവും പറഞ്ഞ് കഴിച്ച്കൂട്ടി. അവൻ വിചാരിച്ചത് എല്ലാം കഴിഞ്ഞുവെന്നാണ്. പക്ഷെ PTA വീണ്ടും അവന്റെ പേടിയുണർത്തി. വീട്ടിൽ നിന്ന് രക്ഷിതാവിനെ കൂട്ടിക്കൊണ്ട് വന്നില്ലെങ്കിൽ ക്ലാസ്സിൽ നിന്ന് പുറത്താക്കുമെന്ന് ടീച്ചർ പറഞ്ഞു. ഉണ്ണി ആ കുഴപ്പത്തിൽ പെട്ടിരുന്നപ്പോഴാണ് അപ്പൂപ്പൻ കാവിലെ ഉത്സവം വന്നത്. ഉണ്ണി അമ്മയുമായി പൊങ്കാലയ്ക്ക് പോയപ്പോഴാണ് കൊടിയേറ്റിന്റെ ചെണ്ടമേളം കേട്ടത്. ഉണ്ണി കൊടിമരച്ചോട്ടിലേക്ക് ഒറ്റയോട്ടം! കൊടിമരത്തിനടുത്തെത്താറായതും അവൻ ഒന്ന് പതറി പിറകിലേക്ക് മാറി

. അവന്റെ പേടിസ്വപ്നമായ ഗജവീരന്മാർ മൂന്നെണ്ണം ചെണ്ടമേളത്തിനൊപ്പം കൊടിമരച്ചുവട്ടിൽ നിരന്നുനിൽക്കുന്നു. ഒപ്പം ആനപാപ്പാന്മാരുമുണ്ട്. അവൻ പാപ്പാന്മാരെ വളരെ ആരാധനയോടെ നോക്കിനിന്നു. ഉണ്ണിയുടെ പേടിയും,വെപ്രാളവും ഒരു മുള്ളു പോലെ അതിലൊരു പാപ്പാന്റെ കണ്ണിൽ തറച്ചു. അയ്യാൾ ഉണ്ണിയെ അടുത്തേക്ക് വിളിച്ചു. അവൻ അറച്ചറച്ച് ആ പാപ്പാന്റെ അടുത്തേക്ക് നീങ്ങി. “എന്തിനാ പേടിക്കണേ?” പാപ്പാൻ ചിരിച്ചു കൊണ്ട് അവനെ പൊക്കിയെടുത്ത് ആനയുടെ മുകളിലിരുത്തി. ആദ്യം അവൻ പേടിച്ച് വിളിച്ചു. പിന്നിടവന് രസം തോന്നി. അവനെ താഴെയിറക്കിയ ശേഷം പാപ്പാൻ അവന്റെ കൈയിൽ എന്തോ വച്ച് കൊടുത്തു. അതൊരാനവാലായിരുന്നു. അതവൻ വിരളിൽ കെട്ടി. എന്നിട്ട് അമ്മയുടെ അടുത്തേക്കോടി. പെട്ടെന്നാണ് ക്ലാസ്സ് PTA യുടെ കാര്യം ഓർമ്മ വന്നത്. അവൻ ആ സന്തോഷത്തിനിടയിലൂടെ അമ്മയോട് ക്ലാസ്സ് PTA യുടെ കാര്യം പറഞ്ഞു. ആദ്യം അമ്മ രോഷാകുലമായെങ്കിലും പിന്നീടമ്മ ഒന്ന്മയപ്പെട്ടു. അന്ന്രാത്രി ഉണ്ണി ഒരു സ്വപ്നവും കാണാതെ സുഖമായുറങ്ങി.



ഷഹ്ബാൻ മുനീർ

8B

# പ്രളയം

ഭൂമിയാം പെറ്റമ്മതൻ
ത്യാഗവും കരുതലും
എല്ലാ സഹനവും ചെയ്തവൾ
പിന്നെ നിസ്സഹായയാം അവൾ
തൻ ദുരന്തതിൽ വഴിവെച്ച
മർത്യരെ തന്നെയും

നല്ലതായിതീർക്കുവാൻ
ചെറുതായൊന്നു
വിറങ്ങപിച്ചു അത് അതുതന്നെയാണീ
പേമാരിയും കൊടുംകാറ്റും
അതാണീ മർത്യജന്മത്തിൻ
പൊൻ പൊരുളും
ആവോളം ഊട്ടിയ
പ്രകൃതി തൻ്റെ മടിതട്ടിൽ
പൊൻ പൈതലും
മർത്യജന്മങ്ങൾ നമ്മൾ□
ആവോളം ഊട്ടിയ ആ അമ്മതൻ
മടിത്തട്ടിൽ മർത്യരാം

നമ്മൾ നൽകിയ വേദന
മുറിപ്പാടും എല്ലാം
സഹിച്ചവൾ പൊൻ
മക്കൾ തൻ നന്മയെ
കരുതി സർവ്വം സഹിച്ച
പ്രകൃതിയെതന്നെയും
മർത്യജന്മങ്ങൾ തൻ
പെറ്റമ്മതൻ ഹൃദയത്തിൽ
ആഴമേറും വണ്ണം മുറിവുകൾ
നൽകവേ□
മർത്യർതൻ ജീവനത്തുണമാണെന്നോർത്തുപോം
വിധം കൊടുംകാറ്റും
പേമാരിയും തകർത്തവൾ
പൊഴിക്കുമ്പോൾത്തൻ ഹൃദയ
-ത്തിൽ നമ്മൾ ഏൽപ്പിച്ച
മുറിവുകൾ ഓരോന്നും
പൂവിതൾ സ്പർശം പോലെ
മഞ്ഞിൻ നനുത്ത തണുപ്പുപോലെ
ശാന്തമായി തീർന്നിടട്ടെ□




അഭിജിത്ത്. എ

# ചന്ദ്രയാൻ- 2

ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ ഏറ്റെടുത്ത് നിർമ്മിക്കാൻ തീരുമാനിച്ച രണ്ടാം ചന്ദ്രപരിവേഷണദൗത്യമാണ് ചന്ദ്രയാൻ-2. റോബോട്ടുകൾ കൂടി ഉൾപ്പെടുന്ന ഈ ദൗത്യത്തിന്റെ ചിലവ് 978 കോടി രൂപയാണ് ചാന്ദ്രപേടകവും ലാൻഡറും റോവറും അടങ്ങുന്ന ചന്ദ്രയാൻ-2 G S L V Mark-3 വിക്ഷേപണ വാഹനം ഉപയോഗിച്ചാണ് വിക്ഷേപിച്ചിട്ടുള്ളത്. ചക്രങ്ങൾ ഘടിപ്പിച്ചിട്ടുള്ള റോവർ ചന്ദ്രോപരിതലത്തിലെ പാറയുടെയും മണ്ണിന്റെയും തത്സമയ രസതന്ത്രപഠനത്തിന് സഹായിക്കുന്നു. ഈ വിവരങ്ങൾ ചന്ദ്രയാൻ-2 പേടകത്തിന്റെ സഹായത്തോടെ ഭൂമിയിലേക്ക് അയക്കപ്പെടുകയും ചെയ്യും. ചന്ദ്രയാൻ- 1- ന്റെ വിജയത്തിന് കാരണമായ ഡോ.മയിൽസ്വാമി അണ്ണാദുരൈയുടെ നേതൃത്വത്തിലുള്ള ദൗത്യ സംഘമാണ് ചന്ദ്രയാൻ- 2 നു വേണ്ടി പ്രവർത്തിക്കുന്നത്.ചന്ദ്രജലത്തിന്റെ സ്ഥാനവും സമൃദ്ധിയും മാപ്പ് ചെയ്യുക എന്നതാണ് പ്രധാന ശാസ്ത്രീയ ലക്ഷ്യം. 2019 സെപ്റ്റംബർ 7-ന് പുലർച്ചെ നടന്ന സോഫ്റ്റ് ലാന്റിങ്ങിന്റെ അവസാനഘട്ടത്തിൽ ചന്ദ്രോപരിതലത്തിൽ നിന്ന് 2.1 Km ഉയരത്തിൽ വച്ച് വിക്രം ലാൻറ്ററുമായി ഉള്ള ബന്ധം ചന്ദ്രയാൻ-2-ന്റെ പ്രധാനഭാഗമായ ഓർബിറ്റിന് നഷ്ടമായി. ഇന്ത്യൻ ബഹിരാകാശ ഗവേഷണസംഘടനയുടെ ചെയർമാൻ Dr. കെ. ശിവൻ ഏഴാം തിയതി പുലർച്ചെ അറിയിച്ചു.

ദിയ ഫാത്തിമ

8C



# A LOVELY MAGIC OF GOD



FATHIMA BAYAN

9B

I myself is my lord!
The mighty soul in me is my lord!
Oh! My lord, give me strength.
To kill the evil thoughts in my heart.
For they tempt me to evil deeds.
Let me follow your commands.
But fair views and thoughts.
That arise from the depth of truth.
And love or let my mind be empty, or can I die.
Thoughts without deeds are empty.
But they are the wings of my lord.
What lovely wings are they!
To fly with joy, and
to fill with gay in. When I am alone,
he makes me the hero of my dreams.
Sometimes I be praised, and
cursed for what i did.
'oft' and 'oft' he forces me.
To face crisis as if I can't escape.
Then he judges and guides me
to deal with ideal deeds.
So what was it, when and what I did
so is it, when and what I do.
And be it, when and what I shall
oh what a sweet magic!
That he plays, since I set out.

# കാർമുകിൽ

വർണ്ണമഴത്തുള്ളികൾ പാറികളിക്കുന്ന ഈ ലോകത്ത് അവയ്ക്ക് കൂട്ടായി തുണയായി എന്നും കാർമുകിലുകൾ മാത്രം.

നീലാകാശവിസ്തൃതിയിൽ തുള്ളികളിക്കുന്ന കാർമുകിലുകൾ. ചിലപ്പോൾ പഞ്ഞികെട്ടുകൾ ,മറ്റുചിലപ്പോൾ ഗർജ്ജിക്കുന്ന സിംഹം. അങ്ങനെ പലരീതിയിൽ പലരൂപത്തിൽ കാർമുകിലുകൾ പാറിനടക്കുന്നു.

മഴയെത്തും മുൻപേ മഴതൻ സൂചന നൽകുന്ന കാർമുകിൽ. കറുത്തിരുണ്ട് മഴയിൽ നിന്നും ഭൂമിയ്ക്ക് കാവലായ് നിൽക്കുന്ന കുടയാണ് കാർമുകിൽ. കാർമുകിലിന് കീഴെ പൂമ്പാറ്റകളായ് തുള്ളികളിക്കുന്ന നമ്മൾ മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും എല്ലാം കാർമുകിൽ എന്നും ഒരു അത്ഭുതമായിരിക്കും. മരങ്ങളും പൂക്കളും പക്ഷികളും ഒന്നും എപ്പോഴും നമ്മോടൊപ്പമുണ്ടാവില്ല. പക്ഷെ മേഘങ്ങൾ എപ്പോഴും നമ്മോടൊപ്പമുണ്ട്. തണലായ് നിഴലായ് കൂട്ടായ്

സ്നേഹത്തോടെ എന്നും കൂടെയുണ്ട്.



“കാർമുകിലായ് നീ എന്നും കൂടെ

തണലായ്, തുണയായ്, എന്നും കൂടെ”

**അലീന ഉല്ലാസ്**

**8C**

# എന്റെ മോഹങ്ങൾ

കുഞ്ഞിചിറകുകൾ വിരിച്ച്
പറക്കാൻ ശ്രമിക്കുന്ന
കിളികളെ കണ്ടനാൾ
അന്നു തൊട്ടെ
മോഹിക്കയാണ് ഞാൻ
ഒരു കുഞ്ഞിക്കിളിയായി

വാനമാം പൂന്തോപ്പിൽ
പാറിപ്പറക്കുവാനായി
പുലരിയിൽ ശോഭയോടെ
ഉദിച്ചുനിൽക്കുന്ന സൂര്യനെൻ
മനസ്സിൽ ഞാൻ
ഓർത്തെടുക്കുമ്പോൾ
മോഹിച്ചു പോകയാണ് ഞാൻ
ഒരുകൊച്ചു സൂര്യനായി
ഉദിച്ചുനിൽക്കാൻ
ഒരു സുപ്രഭാതത്തിൽ
പൂന്തോപ്പിലൊരറ്റത്ത്
വിടർന്നുനിൽക്കുന്ന പൂക്കളെ
കണ്ടൊരാ നിമിഷം

ഒരുചെറുപൂനവായി ആ
ചെടികൾക്കൊപ്പം നിൽക്കാൻ
മോഹിച്ചുപ്പോയി ഞാൻ
വെറുതേ അന്ന്
കാറ്റിൽ പറക്കുന്ന അപ്പൂപൻ
താടിയെ
കണ്ടു ഞാൻ ലയിച്ചങ്ങ് പോയനേരം

മോഹമെൻ കാതിൽ മെല്ലെ മൊഴിഞ്ഞു
നിൻ ദുഃഖമെല്ലാം പറത്തു
നീ ഈ മന്ദമാരുതനിൽ
ജീവിതദുഃഖങ്ങൾ എന്തിനെന്നറിയാതെ
കളങ്കമില്ലാത്ത പുഞ്ചിരിയോടെങ്ങും
ആർത്തുനടക്കുന്ന കിടാങ്ങളെ
കണ്ടുനിൽക്കെ
മനനാരിലൊരിറ്റു നോവോടെ
മോഹിക്കുന്നു ഞാൻ
എല്ലാം മറന്നങ്ങു പുഞ്ചിരിക്കാൻ

എല്ലാം മറന്നങ്ങു പുഞ്ചിരിക്കാൻ

എൻ മോഹങ്ങളെല്ലാം

ഒരു മാലയായി കോർക്കയോായി

ഞാനിന്ന്.

കൊതിയോടെ മാറിലണിയുവാനായി□..

എന്നാലും ആ മാല തിളക്കം


വരിച്ചില്ല□

കാരണം എൻ ആത്മവിശ്യാസമില്ലായ്മതന്നെ□.

മോഹം എന്നത് വെറും "മോഹം"

എന്ന രണ്ടക്ഷരം

മാത്രമാകുമോയെന്നെൻ തോന്നൽ തന്നേ



ഫെമി

8C

# നവകേരളം



ലിജി

8C

കേരളം അതിഭീകരമായ ഒരു പ്രളയദുരന്തം അതിജീവിച്ചുകഴിഞ്ഞ സന്ദർഭമാണല്ലോ ഇത്. ഈ അവസരത്തിൽ നാമോരോ കേരളീയരും നമ്മുടെ നാടിന്റെ പുനർസൃഷ്ടിക്കായ് പ്രയത്നിക്കേണ്ടിയിരിക്കുന്നു. വീടുകളും ആശുപത്രികളും വിദ്യാലങ്ങളും ദേവാലയകേന്ദ്രങ്ങളും മറ്റു പൊതുസംരക്ഷണകേന്ദ്രങ്ങളും പൊതുസ്ഥാപനങ്ങളും എല്ലാം പ്രളയജലത്തിൽ തകർത്തെറിയപ്പെട്ടു. 1924ലെ വൻപ്രളയദുരന്തത്തിനുശേഷം മലയാളികണ്ട ഏറ്റവും വലിയ ദുരന്തം ഇക്കഴിഞ്ഞ 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയമാണ്. പ്രഴയജലം നമ്മുടെ നാടിന് ഒട്ടേറെ നാശനഷ്ടങ്ങൾ വരുത്തിയെങ്കിലും മലയാള മനസ്സിൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും വിത്തുകൾ പാകി. പ്രളയജലം തീരാജലമായി മാറി. ജാതി മതഭേതമന്യേ ഒറ്റകെട്ടായിനിന്ന് ദുരന്തങ്ങളെ നേരിട്ടു. ഈ മനോഭാവം നിലനിർത്തിക്കൊണ്ട് നവകേരളത്തെ സൃഷ്ടിക്കുക എന്നതാണ് നമ്മുടെ ഇനിയുള്ള കർത്തവ്യം. ആ കർത്തവ്യം ഇന്ന് ഓരോരുത്തരും വളരെയേറെ തീഷ്ണതയോടും ത്യാഗതേതാടും തന്നെയാണ് നിറവേറ്റിക്കോണ്ടിരിക്കുന്നത്. ബന്ധങ്ങളുടെ അതിരുകൾ കടന്ന് ജാതി- മത ലിംഗ ഭേദമന്യേം കുട്ടികളും മുതിർന്നവരും തനിക്കുള്ളവപങ്കുവച്ചും മറ്റുള്ളവരുടെ മുന്നിൽ കൈനീട്ടിയും അതിജീവനം വളരെ മനോഹരമായി നിർവഹിച്ചു.

പ്രളയദുരന്തം കഴിഞ്ഞിട്ട് നാം പുതുവർഷത്തിലേക്കു കടന്നിരിക്കുകയാണ്. പഴയ കേരളത്തെ നാം നിർമ്മിച്ചു കഴിഞ്ഞു. എന്നാൽ നമുക്ക് വേണ്ടത് പഴയ കേരളത്തെ അല്ല. പൂർവാതികം ശക്തിയുള്ള നവകേരളത്തേയാണ്. പൊതുവിദ്യാഭ്യാസ മേഖല കൂടുതൽ മേച്ചപെടുത്തണം. 90 ശതമാനവും കൈറ്റിന്റെ ഹൈടെക്ക് ക്ലാസ്സ്റൂം പദ്ധതികളിലൂടെയും അതുപോലുള്ള വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കിയിരിക്കുന്നു. ഇനി വേണ്ടത് ലഹരിവസ്തുക്കളുടെ കടുത്ത നിരോധനവും കുട്ടികളുടെ സ്വഭാവഗുണങ്ങൾ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ളതാവട്ടെ. വിദ്യാർത്ഥികളാണ് നവകേരളത്തിന്റെ വാഗ്ദാനങ്ങൾ. അതിനാൽ തന്നെ വിദ്യാർത്ഥികളിൽ സ്വഭാവഗുണങ്ങളിൽ വികസിപ്പിക്കേണ്ടത് അനുവാര്യമാണ്. സാക്ഷരതയുടെ

കാര്യത്തിൽ കേരളം വളരെയേറെ മുന്നിൽ തന്നെയാണ്. നവകേരള സൃഷ്ടിയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കൂടുതൽ ശക്തമാക്കണം. നല്ല മാർക്കുകൾ കരസ്ഥമാക്കുന്നതിനോടൊപ്പം തന്നെ നല്ല സ്വഭാവ വാസ്തുഗുണങ്ങളും ഒരു കുഞ്ഞുഹൃദയങ്ങളിലും വികസിപ്പിച്ചെടുക്കണം. സാക്ഷരതയുടെയും,ആരോഗ്യത്തിന്റെയും കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്.ഇനി നാം മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിലും പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട് . ജൈവമാലിന്യങ്ങൾ അജൈവമാലിന്യങ്ങളും വേർതിരിക്കുകയും ജൈവമാലിന്യങ്ങൾ വിവിധതരം കമ്പോസ്റ്റുകളിലൂടെയും ബൈയോഗ്യാസിലൂടെയും പരമാവധി സംസ്കരിക്കണം.

ഇതിലൂടെ ജൈവകാർഷിക മേഘലയിലും കേരളത്തിന് ഒന്നാം സ്ഥാനം കൈവരിക്കുവാൻ സാധിക്കും. ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ളതാണ് സംസ്ഥാന സർക്കാറിന്റെ ഹരിതകേരളം പദ്ധതിയും മാലിന്യസംസ്കരണ ശുചിത്വ പദ്ധതികളും. ഈ പദ്ധതികളിലെല്ലാം തന്നെ നാം ഓരോ കേരളീയരുടെയും പങ്കാളിത്തം അനിവാര്യമാണ്. ജൈവമാലിന്യങ്ങളുടെ സംസ്കരണത്തോടൊപ്പം അജൈവമാലിന്യസംസ്കരണത്തിലും നാം പ്രത്യേകശ്രദ്ധ ചെലുത്തണം. മണ്ണിനും, വായുവിനും, മനുഷ്യനും ഒരേ പോലെ അപകടക്കാരികളാണ്.

പ്ലാസ്റ്റിക്ക് ഉൾപ്പെടുന്ന അജൈവമാലിന്യങ്ങൾ നാം മണ്ണിലേക്കെറിയുന്ന ഒരു ഇഞ്ചു വലുപ്പമുള്ള പ്ലാസ്റ്റിക്ക് പോലും മണ്ണിന്റെ ഘടനയുടെ നാശത്തിന് വഴിയൊരുക്കുന്നു. നമ്മുടെ മണ്ണ് നമ്മുക്ക് വേണ്ടിയുള്ളത് മാത്രമല്ല നമ്മുടെ തലമുറകൾക്ക് കൂടി ആവശ്യമുള്ളതാണ്. അതിനാൽ നമ്മുക്ക് വേണ്ടി, നമ്മുടെ തലമുറകൾക്ക് വേണ്ടി പ്ലാസ്റ്റിക്ക് നിരോധിക്കേണ്ടത് അനുവാര്യമാണ്. പ്ലാസ്റ്റിക്ക് മാത്രമല്ല വൈദ്യുതോപകരണങ്ങളും കമ്പ്യൂട്ടറുകളും ഡിലെയും ഫോണിലെയും ചിപ്പുകളും മെമ്മറികാർഡുകളും എല്ലാം തന്നെ മനുഷ്യവംശത്തിനും ഭൂമിക്കും അതിലെ സകലചരാചരങ്ങൾക്കും ഭീക്ഷണിയാവുന്നത് ആണ്. ഫ്രിഡ്ജിൽ നിന്നുള്ള

C F C-യാണ് ആ ഓസോണിന്റെ വിള്ളലിന് കാരണമാകുന്നത്. ഇതിന്റെയെല്ലാം ഉപയോഗം കേരളത്തെയും അതുപോലെ തന്നെ ലോകത്തെയും പിഴുതെറിയും ഈ സത്യാവസ്ഥ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ചുരുക്കത്തിൽ നാം സൃഷ്ടിക്കുന്ന പുതുകേരളം പ്രകൃതസൗഹൃദപരവും കൂടിയായിരിക്കണം. നവകേരളം ലോകത്തിനു മുന്നിൽ ഒരു മാതൃകാനാടായി മാറട്ടെ. കേരളം ദൈവത്തിന്റെ സ്വന്തം നാട്; എന്ന

പേരിനു ഉതകുന്നതാവട്ടെ നമ്മുടെ ഈ കേളിക്കൊട്ടുയരുന്ന ഭാരതം. സാക്ഷരതയുടെയും,പൊതുവിദ്യാഭ്യാസത്തിന്റെയും,മാലിന്യസംസ്കരണത്തിന്റെ

യും,

ശുചിത്വത്തിന്റെയും, സാഹോദര്യത്തിലും ലോകത്തിന് മുന്നിൽ ഒന്നാം സ്ഥാനം കേരളത്തിനു കൈവരിക്കാൻ കഴിയട്ടെ.....

# പുസ്തകവണ്ടിയുമായി ഞങ്ങൾ.....

വായനയുടെ പ്രാധാന്യം കുട്ടികൾക്ക് ബോധ്യപെടുത്താനും ക്ലാസ് ലൈബ്രറികൾ സ്ഥാപിക്കുന്നതിനുമായി ജവഹർ കോളനി ഹൈസ്കൂൾ പുസ്തകവണ്ടിയുമായിറങ്ങി പാലോട് ജങ്ഷനിൽ ജില്ലാപഞ്ചായത്ത് പ്രസിടന്റ് ശ്രീ വി. കെ. മധു പുസ്തകങ്ങൾ നൽകി ഞങ്ങളുടെ പുസ്തകവണ്ടി ഉത്ഘാടനം ചെയ്തു. തുടർന്ന് പാലോടിന്റെ വിവിധ പ്രദേശങ്ങളിൽ ഞങ്ങൾ പുസ്തകവണ്ടിയുമായി സഞ്ചരിച്ചു. പാലോട് പെരിങ്ങമല പാപ്പനംകോട്, ചിപ്പൻച്ചിറ, പാണ്ഡ്യൻ പാറ, ജവഹർകോളനി കൊല്ലായിൽ, ചല്ലിമുക്ക്, വട്ടക്കരിക്കകം അങ്ങനെ പല സ്ഥലങ്ങളിലൂടെ വണ്ടി സഞ്ചരിച്ചു. ഒരുപാട് സ്ഥലങ്ങൾ ഞങ്ങൾ കടന്നു. അധ്യാപകരും കുട്ടികളും PTA പ്രതിനിധികളുടെയും പ്രയത്ന ഫലമായി പതിനായിരത്തിലധികം പുസ്തകങ്ങൾ ശേഖരിക്കാൻ ഞങ്ങക്ക് കഴിഞ്ഞു.

പുസ്തകങ്ങൾ ശേഖരിച്ച് ഇപ്പോൾ ഞങ്ങളുടെ എല്ലാ ക്ലാസ്സിലും ക്ലാസ് ലൈബ്രറികൾ യാധാർഥ്യമായിരിക്കുന്നു. ഒന്നും രണ്ടുമല്ല ഇരുപത്തിനാല് ക്ലാസ് ലൈബ്രറികൾ. ഓരോ ക്ലാസ് മുറിയിലെ വിത്യസ്ഥമാർന്ന പുസ്തകങ്ങൾ ഞങ്ങളുടെ ക്ലാസ്സിലാണ് കൂടുതൽ പുസ്തകങ്ങൾ കിട്ടിയത്. കുട്ടികൾ ഒരുപാട് പുസ്തകങ്ങൾ കൊണ്ടുവന്നു. 150-ൽ പരം പുസ്തകങ്ങൾ. എല്ലാ വിഭാഗത്തിലും പെട്ടവ. വിശ്രമ വേളകളിൽ ഞങ്ങൾ പുസ്തകങ്ങൾ വായിക്കും. വായനാക്കുറിപ്പുകൾ എഴുതും. ഏറ്റവും നല്ല വായനാക്കുറിപ്പിന് ടീച്ചർ സമ്മാനം നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. അത് ഉറപ്പായും ഞാൻ തന്നെ വാങ്ങും. പുസ്തകങ്ങളെ എനിക്ക് എന്ത് ഇഷ്ടമാണെന്നോ? വായനയുടെ പുത്തൻ ലോകങ്ങളിലേക്ക് പറക്കാൻ നങ്ങൾക്ക് പ്രചോദനമായ ഈ വിദ്യാലയം പൊതുവിദ്യാലയങ്ങൾക്ക് തീർച്ചയായും ഒരു മാതൃകതന്നെയാണ്.

അബിൻ

8B




# എന്റെ മഴക്കാലനുഭവം

കുട്ടിക്കാലത്ത് എനിക്ക് മഴയെ ഭയങ്കര ഇഷ്ടമാണ്. മഴ വരുമ്പോൾ കുടയെടുത്ത് വരാന്തയിൽ പോയിരുന്ന് വള്ളം ഉണ്ടാക്കി കളിക്കലാണ് എന്റെ പണി. അമ്മ കാണുമ്പോൾ വഴക്കുപറയും അതുകൊണ്ട് ഒളിച്ചാണ് ഉണ്ടാക്കി കളിക്കുന്നത്. മഴകണ്ട് രസിക്കാൻ പറ്റുന്ന തരത്തിലായിരുന്നു അന്നത്തെ എന്റെ വീട്. വീടിനു മുമ്പിൽ വീതിയുള്ള വരാന്തയിൽ ഇരുന്നാൽ ആകാശം കാണാം. കറുകറുത്ത മേഘങ്ങൾ ആകാശത്ത് ഞാൻ നോക്കി നിൽക്കും. അന്ന് മഴ പെയ്യില്ലെങ്കിൽ ഞാൻ മഴയുടെയടുത്ത് കെറുവായിരിക്കും. ആ വിഷമങ്ങളൊക്കെ കഴിഞ്ഞ് മഴ വന്നാൽ അതിന്റെ ഇരമ്പൽ എന്റെ ഉള്ളിൽ സന്തോഷം നിറയ്ക്കും. പിന്നെ നമ്മൾ കൂട്ടാകും. പിന്നെ മഴയത്ത് നനഞ്ഞ് ചെളിവെള്ളത്തിൽ കളിച്ചുവരുമ്പോൾ അമ്മ തല്ലുതരും. മഴയെന്നെ തല്ലുന്നതു കാണുമ്പോൾ ശക്തിയായി പെയ്തുചിരിക്കും. എന്നാലും ഞാൻ മഴയെ സ്നേഹിച്ചു. എനിക്ക് പനിപിടിച്ചാൽ ഞാൻ വെളിയിൽ കസേരയുമെടുത്ത് മഴയെ നോക്കിയിരിക്കും എന്നിട്ട് മഴ വരുമ്പോൾ ഞാനതിനെ വഴക്കുപറയും. എനിക്ക് പനിപിടിച്ചതെന്തിനെന്ന് അപ്പോൾ മഴ കരഞ്ഞുപെയ്യും അപ്പോൾ ഞാനതിനെ സമാധാനിപ്പിക്കും.



കാവ്യ എസ്‌കെ

# LIFE…….



Life is a goal- achieve it.

Life is an adventure- face it.

Life is a challenge- meet it.

Life is an essay-complete it.

Life is a key- keep it.

Life is a wine- drink it.

Life is a Zodiac- fulfill it.

Life is a map- study it.

Life is a puzzle- solve it.

Life is a song- sing it.

Life is a sorrow- overcome it.

Life is a duty- perform it.

Life is a beauty- enjoy it.

Life is a struggle- fight it.

**Life is a game -play it.**

**Life is a tragedy- face it.**

**Life is a gift- accept it.**

**Life is a journey- complete it.**

**Life is a outline- develop it.**

**Fathima Bayan**

**9b**

# പുഴ

പുഴ എന്നെ പഠിപ്പിച്ചത് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ശാന്തിയുടേയും പാഠങ്ങളാണ്. എല്ലാത്തിനും വഴികാട്ടിയായ അവളെ ഉപദ്രവിക്കുന്ന മനസ്സുകാണുമ്പോൾ ഓരോ കണ്ണുനീർ തുള്ളിയും ക്ഷമയുടേതു  മാത്രം. വളരുന്ന ചെടികൾക്കും വരളുന്ന തൊണ്ടകൾക്കും വരണ്ട വിണ്ണിനും ദാഹജലമായി അവൾ മാറുന്നു. പാറകളിലൂടെ പൊട്ടിയൊലിച്ച് അവൾ നീർച്ചാലുകളിലേക്ക് വഴുതിവീഴുമ്പോവു സുഖ ദുഃഖങ്ങൾ അവൾ പകരുന്നു. നീന്തികളിക്കുന്ന മത്സ്യങ്ങൾ ക്രോം, ക്രോം കരയുന്ന തവളകൾ, മറ്റു ചെറുജീവികൾ, ചെറുസസ്യങ്ങൾ, പക്ഷി, ഒടുവിൽ അവൾക്കുമുന്നിൽ  ആയിരമായരം മനുഷ്യദ്രോഹികൾ പ്ലാസ്റ്റിക്കിന്റെ കെട്ടുകൾകൊണ്ടവളെ ശവമാക്കി മൂടുന്നു. ജീവന്റെ ശ്യാസം നിലച്ച് പാതിവഴിയിൽ ജീവാംശമായി അവൾ ഇന്നും ലോകത്ത് ജീവിക്കുന്നു. അവൾക്ക് സാന്ത്വനമായി ഒരു കൈതാങ്ങ് പോലുമില്ല. വരും തലമുറയ്ക്കുവേണ്ടി അവളെ നമുക്ക് സഹായിക്കാം.



*Karuna. S. K*

# ജീവിതയാത്ര

ജീവിതമാം മത്സരത്തിൽ ഓടുകയാണ്

ഞാൻ ആരെ തോൽപ്പിക്കാൻ,

ആരെ ജയിക്കാൻ അറിയുകയില്ലയെനിക്ക്

എപ്പോൾതീരുമെൻ ഓട്ടം,

ആർക്കോവേണ്ടി എന്തിനോവേണ്ടി

ഞാൻ ഓടുകയാണ്.

തളരുന്ന വേളയിൽ വയ്യാത്ത നിമിഷത്തിൽ

കൂടെ വരുന്നവർ പലരും,

ബാക്കിയെൻ യാത്രയിൽ

വരികില്ലെൻ കൂടെ.

ഞാൻ നിൽക്കുംവേളയിൽ

എന്നെ നോക്കിയവർ പലരും,

എന്നൊപ്പം നിന്നവർ പലരും,

പോയി മറഞ്ഞെങ്ങോ......


കനവായി ഞാൻ നാളുനീളെ

കണ്ടതൊക്കെ,

ആ നിമിഷം തകർന്നൊരിഞ്ഞു

ഞാൻ പോകുകയായി എങ്ങോ,


മറയുകയായി എങ്ങോ........



ഉത്തമൻ

# വിശപ്പ്

ഒട്ടിയ വയറുമായി അയാൾ അലയുകയാണ്. വഴയിൽ കണ്ട പലരോടും അയാൾ കൈ നീട്ടുന്നുണ്ട്. ആട്ടിയോടിക്കുന്ന പട്ടിയേപ്പോലെ എല്ലാവരും അയാളെ ഓടിക്കുന്നു. വഴിയിൽ കണ്ട ലൈൻ പൈപ്പിൽ നിന്ന് വെള്ളം കുടിച്ച് വയറുനിറയ്ക്കുകയാണ് അയാൾ. ഒരു ദീർഘശ്വാസം വിട്ട് അയാൾ തന്റെ പഴയേകാലം ഓർത്തെടുക്കുന്നു. ആഡംബരത്തിന്റെ മട്ടുപ്പാവിലായിരുന്ന ഞാൻ എങ്ങനെ ഈ അവസ്ഥയിലെത്തി, ഒരു അവിശ്യസനീയമായ കാര്യം പോലെ അയാൾ തന്നോടുതന്നെ ചോദിച്ചു. അയാൾ ഓർത്തു , "എനിക്ക് ഇങ്ങനെ തന്നെ വരണം. എത്ര പേരാണ് എന്റെ കാൽക്കീയിൽ ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി കൈനീട്ടിയിട്ടുള്ളത്. അവരുടെ വിശപ്പ് അന്ന് എനിക്ക് മനസ്സിലായില്ല. ഇപ്പോൾ എനിക്ക് അത്രയും പണം ഉണ്ടായിരുന്നെങ്കിൽ തീർച്ചയായും എല്ലാവർക്കും എന്തും കൊടുക്കുന്നവനായേനെ. എനിക്ക് എത്രമാത്രം സമ്പത്തുണ്ടായിരുന്നു. എവിടെ നോക്കിയാലും സ്വർണ്ണവും ഏത് സമയത്തും ഭക്ഷണവും. തന്റെ അടിമയായി ജോലി ചെയ്യുവരെല്ലാം എത്ര വിശപ്പ് സഹിച്ചിട്ടുണ്ടാവും. തനിക്കിപ്പോൾ ഇപ്പോൾ അവർ   അന്ന് കഴിച്ചിരുന്ന ഭക്ഷണം പോലും കിട്ടുന്നില്ല. താനന്ന് എത്രയോ സമ്പന്നനായിരുന്നു. ഒരു ദുരന്തപേമാരിയിൽ എല്ലാം പോയി.  താൻ പുച്ഛിച്ച് തള്ളിയവരുടെ ദാനമാണ് തന്റെ ഈ ജീവിതം, ഈ അവസ്ഥയിൽ ജീവിക്കുന്നതിനേക്കാൾ നല്ലത് മരണം തന്നെയാണ്. താനെത്ര നല്ല ഭക്ഷണം കൊണ്ടാണ് വിശപ്പടക്കിയിരുന്നത്. പക്ഷെ ഇന്ന്□" അയാൾ തന്റെ ആലോചനയിൽ നിന്നും മടങ്ങിവന്നു. അയാൾ ഒരു ദീർഘശ്വാസം എടുത്തു. വിശപ്പിന്റെ വേദന അയാൾ മനസ്സിലാക്കിയത് ഇപ്പോഴാണ്. തന്റെ വിധിയെ അയാൾ പഴിച്ചു. അയാളുടെ മനസ് നീറി അയാൾ വിശപ്പു കൊണ്ട്    എരിയുകയാണ്. തനിക്ക് എന്നെങ്കിലും ഈ അവസ്ഥയിൽ നിന്നും  മോചിതനാകാം എന്ന് സമാധാനിച്ചുകൊണ്ട് അയാൾ നടന്നുതുടങ്ങി ഒരു ലക്ഷ്യമില്ലാതെ□□.



*മുർഷിദ് മുഹമ്മദ്*

# GLOBAL WARMING

Global warming is a term almost everyone is familiar with. But, its meaning is still not clear to most of us. So, global warming refers to the gradual rise in the overall temperature of the atmosphere of the Earth.

There are various activities taking place which have been increasing the temperature gradually. global warming is melting our ice glaciers rapidly. This is extremely harmful to the Earth as well as humans. It is quite challenging to control global warming; however, it is not unmanageable. The first step in solving any problem is identifying the cause of the problem. Therefore, we need to first understand the causes of global warming that will help us proceed future is solving it. In this essay on global warming, we will see the causes and solution of global warming

## Causes of Global warming

Global warming has became a grave problem which needs undivided attention it is not happening because of a single cause but several cause. These cause are both nature as well as man made. The nature causes include the release of green house gases which are not able to escape from Earth, causing the temperature to increase.

Further, volcanic eruptions are also responsible for global warming. That is to say, these eruptions release tons of carbon dioxide which contributes to global warming. Similarly, methane is also one big issue responsible for global warming.

After that, the excessive use of automobiles and fossil fuels result in increased of CO2. In addition, activities like mining and cattle rearing are very harmful to the environment. One of the most common issues that are taking place rapidly is deforestation

## Global warming solution

As started earlier, it might be challenging but it is not entirely impossible. Global warming can be stopped when combined efforts are put in. For that, individual and governments, both have to take steps towards achieving it. We must begin with the reduction of green house gas

## List the causes of global warming

Green house gas, volcanic eruption, methane gas and more

Next up, man made causes and deforestation, mining, cattle rearing, fossil fuel burning and moreover

## How to stop global warming ?

Global warming can be stopped by a joint effort by the individuals and the government. Deforestation must be banned and trees should be planted more. The use of auto mobiles must be limited and recycling must be encouraged.

## Natural causes of global warming

The climate has continuosly changing for centuries. The global warming happens because the natural rotation of the sun that changes the intensity of sunlight and moving closer to the earth.

Another cause of global warming is green house gases. Green house gases are carbon monoxide and sulphur dioxide it trap the solar heats rays and prevent it from escaping from the surface of the earth.

Volcanic eruption are another issue that causes global warming. For instance, a single volcanic eruption will release amount of carbon dioxide and ash to the atmosphere. Once carbon dioxide increases, the temperature of Earth increases and green house trap the solar radiations in the Earth.

Methane is another issue that cause global warming. Methane is also a green house gas. Methane is more effective in trapping heat in the atmosphere that carbon dioxide by 20 times. Usually methane gas can release from many areas. For instance, it can be from cattle, land fill, industrial waste process, natural gas, petroleum systems, coal mining, mobile, explosion



Revathy. Nair. C

8B

# Smile is the way to solve many problems”

A smile is a curve that can straighten everything. Smiling is something that can lift your mood in almost every situation. It can help you see things in a more positive way. The ability of a smile is that, it spreads quickly like wildfire. When one starts smiling, the other also smiles back. This spreads and everyone starts to smile at each other. A smile can change your worst day into a cheerful day Smiling, not only changes your life but also changes someone else's life too. When your friend or anyone is feeling sad or stressed out, just give them a positive lift with a smile. A smile is free and has no cost. So give a smile to everyone as much as you can...



*LIJI.S.MATHEW*

***8C***

## എന്റെ മോഹം

ഓർമയാകുന്ന കാട്ടുതീയിൽ

തീയായി ജ്വലിക്കുന്നു എന്റെ മോഹം!



ആഗ്രഹമാകുന്ന താളുകൾക്കുള്ളിലായി

എന്നും തിളങ്ങുന്നു എന്റെ മോഹം.

ഒരു കുഞ്ഞണ്ണാന്റെ മോഹമതെന്തെന്നാൽ

അതിനു കളിക്കുവാൻ മരങ്ങൾ വേണം.

അഭിജിത്ത്. എ

8B

അനന്തമാം വിഹായസ്സിൽ പാറിപ്പറക്കുവാൻ

കിളികൾക്കുമുണ്ടാകുമൊരിറ്റു മോഹം

പാറിപ്പറക്കുന്ന കിളികളെ കൂട്ടിപടയ്ക്കുന്ന

ക്രൂരരാണീ മനുഷ്യർ

ക്രൂരത ചെയ്യുന്ന ഈ മനുഷ്യർ നാളെ

നന്നാകുമെന്നാണെൻ മോഹം

# ഓർമ്മകൾ പൂക്കുന്നു

മഴ തകർക്കുന്ന ഒരു പ്രഭാതം . ഇടി മിന്നലിന്റെ ശബ്ദംകേട്ടുകൊണ്ടാണ് മിഥുൻ തന്റെ കിടക്കയിൽ നിന്നെഴുന്നേറ്റത്. ഉറക്കച്ചടവ് കൊണ്ട് കണ്ണു തുറക്കാൻ കഴിയാതെ മുറിയിൽ നിന്നും അവൻ പുറത്തിറങ്ങി. അവൻ കലണ്ടറിലേക്ക് കണ്ണുകളയച്ചു. "ഓ ഇന്ന് ഞായറാഴ്ച. സന്തോഷമായി. പിന്നെ പല്ലുതേച്ച് പ്രഭാതകൃത്യങ്ങൾ എല്ലാം കഴിഞ്ഞു നിൽക്കുമ്പോൾ അവന്റെ മനസ്സിൽ ഒരു ആശയം ഉദിച്ചു. അമ്മ അടുക്കളയിൽ പാചകത്തിൽ ആണ്. അച്ഛൻ ഉമ്മറത്ത് പത്ര വായനയിലും .പറ്റിയ സമയം .അച്ഛൻ വാങ്ങിക്കൊടുത്ത ഡ്രോയിംഗ് ബുക്ക് ഫ്രണ്ട് പേജ് ആരും കാണാതെ വലിച്ചുകീറി കപ്പലുണ്ടാക്കി ഒഴുക്കി കളിച്ചു. മുറ്റത്തെ ചളി വെള്ളത്തിൽ ആണ് ഒഴുകുന്നത്. അതുകൊണ്ട് പെട്ടെന്ന് തന്നെ അവ വെള്ളത്തിൽ കുതിർന്ന് നാശമായി. അങ്ങനെ നാശംആകുമ്പോൾ ഒക്കെയും പിന്നെയും പേപ്പർ കീറിപുതിയ കപ്പൽ ഉണ്ടാക്കാൻ തുടങ്ങി. ആറു വയസ്സുകാരിയായ അനുജത്തി മീനു ഉറക്കത്തിൽ നിന്ന് എഴുന്നേറ്റ് വന്ന് തനിക്കും കപ്പൽ വേണമെന്ന് വാശി പിടിക്കാൻ തുടങ്ങി. അവൻ അതിനു സമ്മതിക്കാതിരുന്നാൽ അവസാനം അവൾ മുതുക് പൊളിക്കും എന്നുറപ്പായപ്പോൾ ഒരെണ്ണം ' ഉണ്ടാക്കി അവൾക്കു കൊടുത്തിട്ട് അവിടെ നിന്ന് വലിഞ്ഞു. അപ്പോൾ അമ്മ അടുക്കളയിൽ നിന്ന് വിളിച്ചു. ആ വിളിയെ മിഥുൻ തന്റെ കഴിഞ്ഞ ഞായറാഴ്ചത്തെ അമ്മയുടെ വിളി പോലെ. കൗതുകത്തോടെ വരവേറ്റു

"

അമ്മ മിഥുനെ വളരെ സന്തോഷത്തോടെ ധൃതിയിൽ വിളിച്ചു .അമ്മയുടെ വിളി ഒന്നുകിൽ കടയിൽ പോകാൻ അല്ലെങ്കിൽ വിറകു പെറുക്കാനോ ആകുമെന്ന് അവനറിയാം. അവൻ മടുപ്പോടെ അടുക്കളയിലെത്തി

"എന്താ അമ്മേ കാര്യം"

"ഒരു സന്തോഷവാർത്ത മോനെ"

" "വിറകു പെറുക്കാനോ? ,"

ഓ !അല്ല "

പിന്നെ എന്താ അമ്മേ? .

"ക്ലാസ് ടീച്ചർ വിളിച്ചിരുന്നു."

"എന്താ കാര്യം"? അവൻ കൗതുകത്തോടെ ചോദിച്ചു

"നീ കഴിഞ്ഞമാസം ഇരിഞ്ഞാലക്കുടയിൽ ജില്ലാതല ചിത്രരചനാ മത്സരത്തിൽ പങ്കെടുത്തിരുന്നല്ലോ. അതിൽ നിനക്ക് രണ്ടാം സ്ഥാനം ഉണ്ടെന്ന് ടീച്ചർ പറഞ്ഞു. സംസ്ഥാന മത്സരം ബുധനാഴ്ച കണ്ണൂരിൽ വെച്ച് നടക്കുമെന്ന്."

"അതേയോ തികച്ചും ഒരു സന്തോഷവാർത്ത തന്നെ ."അവരുടെ സംഭാഷണം ശ്രദ്ധിച്ചു നിന്ന് അച്ഛനും കാര്യം മനസ്സിലായി .

"വേഗം തയ്യാറായിക്കോ'അച്ഛൻ പറഞ്ഞു.

മീനു മാത്രം ഇതറിയാതെ ഇപ്പോഴും കപ്പലിൽ മായാ ലോകത്താണ്

മിഥുൻ തന്റെ മുറിയിലേക്ക് ഓടി. ശെ! "ഈ പുസ്തകമതെവിടെ പോയി." കഥാരചന, കവിതാരചന, ഉപന്യാസം, ഇതെവിടെയാ ചിത്രപുസ്തകം ആവശ്യമുള്ളപ്പോൾ ഒന്നും കാണില്ല .മിഥുൻ പിറുപിറുത്തു കൊണ്ട് ആ പുസ്തകം തിരഞ്ഞു.'ആ കിട്ടി, അതിൽഎഴുതിയിരുന്ന ചിത്രം വരയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ വായിച്ചു .ബോറടിക്കുന്നു.അല്ലേലും ഇതൊന്നും വായിച്ചിട്ട് കാര്യമില്ല അവൻ അത് മടക്കി മേശപ്പുറത്തുള്ള ഉണ്ണിക്കഥകളുടെയും ഡ്രാക്കുള കഥകളുടെയും. മധ്യത്തിൽ വച്ചിട്ട് അവന്റെ സ്വതന്ത്ര ലോകത്തേക്ക് തിരിച്ചു പോയി.

"

വേഗം! വേഗം! എല്ലാവരും കയറിയോ" ടീച്ചർ ചോദിച്ചു. മിഥുൻ ഏറ്റവും പുറകിലെ സൈഡ് സീറ്റിൽ പത്താം ക്ലാസുകാരൻ രാജേഷിന്റെ ഒപ്പമിരുന്നു. വാഹനം സ്റ്റാർട്ട് ആയി. കുട്ടികളെല്ലാം അതിയായ ആവേശത്തിലാണ്. എല്ലാവരും യാത്ര ആസ്വദിച്ചു കൊണ്ടിരിക്കുമ്പോൾ ആറാം ക്ലാസിലെ അലീന മാത്രം ഇരുന്ന് സാഹിത്യ ക്വിസ് ചോദ്യോത്തരങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നു. വണ്ടികണ്ടരിനോട് അടുത്തുകൊണ്ടിരിക്കുന്നു.

"എല്ലാവരും പേപ്പറും പെൻസിലുമൊക്കെ കൊണ്ട് വന്നിട്ടുണ്ടല്ലോ?

മത്സരം നടത്തുന്ന മാഷ് ചോദിച്ചു. കുട്ടികൾ ഉത്സാഹത്തോടെ മാഷ് ചിത്രം വരയ്ക്കാൻ എന്ത് വിഷയമാണ് പറയുന്നതെന്ന് കാതോർത്തു. "എല്ലാവർഷവും നിങ്ങൾക്ക് വിഷയം തന്നിട്ടായിരുന്നു ചിത്രരചന നടത്തിയിരുന്നത് എന്നാൽ ഇപ്രാവശ്യം നിങ്ങൾക്ക് ഇഷ്ടമുള്ള ചിത്രം വരയ്ക്കാം. സെലക്ഷൻ ഫ്രീ." മാഷ് പറയുന്നത് കേട്ട് കുട്ടികൾക്ക് സന്തോഷമായി. മിഥുൻ എന്ത് വരയ്ക്കണം എന്ന് അറിയാതെ അപ്പുറത്തിരിക്കുന്നവനെ നോക്കി അവനും തന്റെ അതേ അവസ്ഥയിലായിരുന്നു. ഇപ്പുറത്തിരിക്കുന്നത് ഒരു പെൺകുട്ടിയാണ് അവൾ വളരെയധികം ആവേശത്തോടെ തിരക്കുപിടിച്ച സിറ്റിയും ട്രാഫിക് സിഗ്നലും മറ്റും വരയ്ക്കുന്നു. " ഒന്നു നോക്കാതെ, പോടാ ചെക്കാ ". അവൾ പറയുന്നതു കേട്ട് മിഥുൻ നാണംകെട്ടു. വാസ്തവത്തിൽ അവൻ കോപ്പിയടിക്കണമെന്ന് വെച്ചു ചെയ്തതല്ല അത്. വളരെ നേരത്തേ ആലോചനയ്ക്കു ശേഷം അവൻ ഒരു കുടിൽ വരച്ചു. അതിൽ വാതിൽ ഭാഗത്ത് രണ്ടു കുട്ടികളെ വരച്ചു. കുടിലിനോട് ചേർന്ന് ഒരു തൊഴുത്തും അതിൽ ഒരു തള്ളപ്പശുവിനെയും കിടാവിനെയും മൂലയ്ക്ക് കൂട്ടിയിട്ടിരിക്കുന്ന പച്ചപ്പുല്ലും വരച്ചു. ഒപ്പം ഒരു കറവക്കാരിയേയും. കയറുന്ന ഭാഗത്തായി ഒരു കത്തിച്ചിട്ടിരിക്കുന്ന ബൾബും വരച്ചു. എന്നിട്ട് ചിത്രത്തിനു നിറം കൊടുത്തു. കണ്ടാൽ ഒന്നാന്തരമൊരു വെളപ്പാൻ ക" ചിത്രരചനയുടെ ഫലപ്രഖ്യാപനം നടത്തുന്നതിന് രാധാമണി ടീച്ചറെ ക്ഷണിക്കുന്നു". ടീച്ചർ വേദിയിൽ വന്നു നിന്നു.

പ്രിയമുള്ളവരെ, വളരെയധികം ആവേശമുള്ള ഒരു നല്ല മത്സരമായിരുന്നു ഈ വർഷത്തെ ചിത്രരചന എല്ലാവരും ഒന്നിനൊന്നു മെച്ചം. എങ്കിലും നമുക്ക് സമ്മാനദാനം നടത്തുന്നതിനു വേണ്ടി, രണ്ടു പേരെ തെരഞ്ഞെടുക്കണം .അതിനാൽ ചിത്രരചനയക്ക് ഒന്നാം സ്ഥാനം....." ഒന്നാം സമ്മാനം ആർക്ക്? എല്ലാവരും ആകാംക്ഷയോടെ കാതോർത്തു. പലരും തനിക്കു തന്നെ കിട്ടുമെന്നുറപ്പിച്ച് ആത്മവിശ്വാസത്തോടെയിരുന്നു.സംസ്ഥാന തലമാണ്. കിട്ടിയാൽ നിസ്സാരമല്ല. " മിഥുൻ .എ.എസ്" "ചെസ് നമ്പർ: 983 " ടീച്ചർ പറഞ്ഞു .മിഥുൻ വിശ്വസിക്കാനാകാതെ സമ്മാനം വാങ്ങാനായി വേദിയിലേക്ക് നടന്നു. സെക്കന്റ് പ്രൈസ്: രജനി. എം ചെസ്സ് നമ്പർ: 988 .രണ്ടാം സമ്മാനം കിട്ടിയ കുട്ടിയുടെ മുഖത്ത് അവിശ്വസനീയതയൊന്നും കണ്ടില്ല അഹങ്കാരമല്ല. ആ കുട്ടിയുടെ മനസ്സിൽ നല്ല ആത്മവിശ്വാസമുണ്ടായിരുന്നെന്ന് എല്ലാവർക്കും മനസ്സിലായി.എന്നാൽ മിഥുന്റെ മുഖത്തെ അത്ഭുതം ഇതു വരെ മാറിയിട്ടില്ല

"എടാ ചെറുക്കാ, എന്താ ആലോചിച്ചിരിക്കുന്നത്. എത്ര നേരമായി വിളിക്കുന്നു. വേഗം ഒന്നു പോയി താഴെ ഗോഡൗണിൽ നിന്ന് വിറക് പെറുക്കിക്കൊണ്ടു വാ." അമ്മ പറഞ്ഞു.കഴിഞ്ഞ ഞായറാഴ്ച വിളിച്ചതു പോലെ ഒരു വിളി പ്രതീക്ഷിച്ചു നിന്ന മിഥുന് ഇത് വല്ലാത്തൊരു ബുദ്ധിമുട്ടായിത്തോന്നി. മനസ്സില്ലാ മനസ്സോടെ അവൻ ഗോഡൗണിലേക്ക് നടന്നു. എങ്കിലും അന്നത്തെ ആ നല്ല അനുഭവം അവന്റെ മുഖത്ത് പുഞ്ചിരി നിറച്ചു.



അനസ് മുഹമ്മദ്. എസ്. എസ്

10 B

# അകൽച്ചകൾ

അകൽച്ചയുടെ ഒരുക്കങ്ങൾ ഉണ്ടാകാറുണ്ട്
മതിലുകൾക്ക് വേണ്ടി മണ്ണൊരുങ്ങുന്നത്
പോലെയത് ചിലയിടത്തുനിന്ന് നിശബ്ദമായി
പണിതുയരും വാക്കുകളെ തർക്കിക്കുവാൻവിട്ട്
മോഹങ്ങളെദൂരേക്കെറിഞ്ഞ്

കുറ്റബോധകലവറയാകുന്ന കുന്നിൽകയറി
ഉറക്കെ കരയും

*അകൽച്ചകൾ.*



*അഭിഷേക്. എ. ബി*

*9A*


EVERGREEN